# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

ജില്ല : പത്തനംതിട്ട

പജില്ല : റാന്നി

ബ്ലോക്ക് : റാന്നി

ഞ്ചായത്ത് : വെച്ചൂച്ചിറ

# ഉള്ളടക്കം


ആമുഖം
കാഴ്ചപ്പാട്
പഠനലക്ഷ്യങ്ങൾ
അക്കാദമിക പ്രവർത്തനങ്ങൾ
ഭാഷ - മലയാളം
ഗണിതം
പരിസരപഠനം
English
കലാപഠനം
പ്രവൃത്തിപഠനം
ആരോഗ്യ - കായിക വിദ്യാഭ്യാസം
സമൂഹബന്ധം
വിവിധ വഴികളിലൂടെ മികവിലേക്ക്
ഉപസംഹാരം

# ആമുഖം

ഈ എ. എൽ. പി സ്കൂൾ മൂന്നാം അയൺപാറ എന്ന പേരിലുള്ള ഈ വിദ്യാലയം വെച്ചൂച്ചിറ പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

1932-ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റ് തിരുവല്ലയുടെ കീഴിൽ പ്രവർത്തിക്കുന്നു. കിഴക്കൻ മലയോര അവികസിത മേഖലയായ ഈ പ്രദേശത്ത് ആദ്യകാലങ്ങളിൽ അക്ഷര വെളിച്ചം പകരുവാൻ ഏറെ സഹായിച്ച ഒരു വിദ്യാലയമാണിത്.

ആയിരത്തിലധികം കുട്ടികൾ പഠിച്ചിറങ്ങി ദേശത്തിന്റെ വിവിധ ഭാഗങ്ങളിലും മേഖലകളിലും പ്രവർത്തിക്കുന്നു.

## വിദ്യാലയം ഇന്ന്

2025-26 വർഷം 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 39 കുട്ടികളും PTA യുടെ നേതൃത്വത്തിലുള്ള പ്രീ-പ്രൈമറിയിൽ LKG, UKG ക്ലാസ്സുകളിലായി 20 കുട്ടികളും പഠിക്കുന്നു.

അധ്യാപകർ

HM ഉൾപ്പെടെ 4 [1+3]- ഇതിൽ 2 പേർ daily wages ആയും സേവനമനുഷ്ഠിക്കുന്നു. LKG, UKG അധ്യാപകരും സേവനം ചെയ്യുന്നു. 1 മുതൽ 4 വരെ ഓരോ ഡിവിഷനുകളാണ്.

സബ് ജില്ല, ശാസ്ത്ര - ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾ പങ്കെടുത്ത് മികവ് പുലർത്തി. കുട്ടികൾ തന്നെ തയ്യാറാക്കിയ "ഗണിതം മധുരം" എന്ന ഗണിത കയ്യെഴുത്ത് മാസിക 2024-25-ൽ PTA-യിൽ പ്രകാശനം ചെയ്തു. 2024-25 ഉപജില്ല ബാലകലോത്സവത്തിൽ പങ്കെടുത്ത എല്ലാ കുട്ടികളും വിവിധ സ്ഥാനങ്ങൾ കരസ്ഥമാക്കി.

## പി.ടി.എ : എം. പി.ടി.എ

സജീവമായി പ്രവർത്തിക്കുന്ന വിദ്യാലയത്തിലെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും ആലോചനയും സഹകരണവും നൽകുന്നു.

## SRG

എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളിലും കൂടി കാര്യങ്ങൾ നിർവഹിക്കുന്നു.

## LSS

2024-25-ൽ 6 കുട്ടികൾ LSS പരീക്ഷ എഴുതി. അതിനായി Rincy Vaghese Tr. July മുതൽ പരിശീലനം February വരെ ക്ലാസ് നടത്തി. എന്നാൽ ആർക്കും തന്നെ LSS സ്കോളർഷിപ്പ് നേടാൻ സാധിച്ചില്ല. 2025-26-ൽ 4-ാം ക്ലാസ്സിലെ 7 കുട്ടികളും പരീക്ഷയ്ക്ക് യോഗ്യതയുള്ളവരാണ്. എന്നാൽ Ist Term Exam-ന്റെ മാർക്കിനടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. ഇവർക്കും നല്ല പരിശീലനം നൽകാൻ തീരുമാനിച്ചു.

## വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുണ്ട്. ഫർണിച്ചറുകൾ പഴക്കം ചെന്നിരിക്കുന്നു. എല്ലാ വിധ സജ്ജീകരണങ്ങളോടും കൂടിയ സ്മാർട്ട് ക്ലാസ് റൂമുകൾ അത്യാവശ്യമാണ്. സാധാരണക്കാരായ കുട്ടികൾക്ക് ഭൗതിക സാഹചര്യങ്ങൾ ആവശ്യമാണ്. ഭവനത്തിൽ പലവിധ പ്രശ്നങ്ങൾ മൂലം പഠനത്തിൽ ശ്രദ്ധ ചെലുത്താൻ ബുദ്ധിമുട്ടുള്ള കുട്ടികൾ, ഭക്ഷണത്തിനും വസ്ത്രത്തിനുമെല്ലാം പ്രയാസമുള്ള കുട്ടികളുടെ സങ്കടങ്ങൾ.

## കാഴ്ചപ്പാട്

2025-26 വർഷത്തിൽ ആരംഭിച്ച് അഞ്ച് വർഷങ്ങൾ കൊണ്ട് [2030] ഭൗതിക അക്കാദമികാനുബന്ധ വിഷയങ്ങളിലെല്ലാം തന്നെ മികവിന്റെ പര്യായമായി വിദ്യാലയം എന്ന കാഴ്ചപ്പാടിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

## പഠനോദ്ദേശങ്ങൾ [Objectives]

ശരിയായ രീതിയിൽ കണ്ടെത്തി നേടേണ്ട കാര്യങ്ങൾ ഉറപ്പാക്കേ എന്ന കണ്ടെത്തലിലൂടെ പഠനനേട്ടങ്ങൾ വിലയിരുത്തുവാൻ താല്പര്യപ്പെടുന്നു.

പിന്നാക്കം നിൽക്കുന്ന വിഷയങ്ങളിൽ മെച്ചപ്പെട്ട
ശ്രദ്ധ കൊടുത്തുകൊണ്ട് ഉന്നതനേട്ടത്തിലേക്ക്
ശ്രദ്ധ ചെലുത്തുന്നു.

## പൊതുലക്ഷ്യങ്ങൾ

- അക്കാദമിക, കലാ-കായിക പ്രവൃത്തി പരിചയ
മേഖലകളിലൂടെ മെച്ചപ്പെടൽ
ലക്ഷ്യങ്ങൾ നേടണം എല്ലാ കുട്ടികളും
- പിന്നാക്കാവസ്ഥയിലുള്ള
ബോധനം കുട്ടികൾക്ക് പരിഹാര
- CWSN കുട്ടികൾക്ക് ബോധന തന്ത്രങ്ങൾ
- മലയാളം, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ്
എന്നിവയിൽ പൂർണ്ണത നേടുക
- സർഗ്ഗപരവും കായിക പരവുമായ
പരിശീലന പരിപാടികൾ നടത്തി മേഖലകളിൽ
- മലയാളം, എഴുത്ത്, വായന അവയിലൂടെ മിക-
മികവോടെ തെറ്റില്ലാതെ ഇംഗ്ലീഷ് ലക്ഷ്യം

## അക്കാദമിക പ്രവർത്തനങ്ങൾ

ഓരോ വിഷയങ്ങൾക്കും പ്രത്യേകം പ്രവർത്ത-
-നങ്ങൾ മികവിനായി ആസൂത്രണം
ചെയ്ത് നടപ്പാക്കുവാൻ ആഗ്രഹിക്കുന്നു.
മധ്യകാല പ്രവർത്തന പദ്ധതികൾ ദീർഘകാല
പ്രവർത്തനങ്ങൾ എന്നിങ്ങനെ ആവിഷ്കരിച്ചിരി
-ക്കുന്നു.

# ഭാഷ - മലയാളം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- വായനാ സാമഗ്രികൾ കണ്ടെത്തുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങൾ പതിപ്പുകൾ തയ്യാറാക്കുക.
- ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

- Pre-test പിന്നാക്കക്കാരെ കണ്ടെത്തുക
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ
    - ചിത്രങ്ങളിലൂടെ
    - അക്ഷര കാർഡിലൂടെ
    - ICT സാധ്യത
    - അടിക്കുറിപ്പ്

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

- എഴുത്തും വായനയും ഉറപ്പിക്കൽ
- ക്ലാസിൽ പാഠഭാഗം വായന
- വായനക്കൂട്ടം
- ക്ലാസ് ലൈബ്രറി രൂപീകരിക്കൽ
- അസംബ്ലിയിൽ വാർത്താവായന
- ലൈബ്രറി പുസ്തക വായന
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- പതിപ്പ് തയ്യാറാക്കൽ

## ദീർഘകാല പ്രവർത്തനങ്ങൾ

- പിറന്നാൾ പുസ്തകം
- പുസ്തകം പ്രദർശിപ്പിക്കൽ
- ദിനാചരണങ്ങളിൽ വിശേഷവായന
- ചുമർ പത്രിക

സാധ്യത : ശേഖരണം സ്കൂൾ ലൈബ്രറിയിൽ നിന്ന്

സമയം : ഒഴിവ് സമയം

ചെലവ് : School Lab

ചുമതല : ക്ലാസ് അധ്യാപകൻ

# പ്രവർത്തനങ്ങൾ

- **മലയാളത്തിളക്കം (pre-test)**
  പിന്നാക്കക്കാരെ കണ്ടെത്തുന്നു.

- **അക്ഷരം ഉറപ്പിക്കൽ [ഒരു മാസം]**
  ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

- **ചിഹ്നങ്ങൾ ഉറപ്പിക്കൽ**
  ചിത്ര സഹായത്താൽ ചിഹ്നങ്ങൾ അടയാളങ്ങൾ എന്നിവ ഉറപ്പിക്കൽ

- **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ ബോർഡ്**
  അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

- **ചിത്രം - അടിക്കുറിപ്പ്**
  ചിത്രം നൽകൽ, അടിക്കുറിപ്പ് വായിക്കൽ

- **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**
  ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

വായനക്കൂട്ടം രൂപീകരിക്കൽ

മാസത്തിൽ 2 പ്രാവശ്യം വായനക്കൂട്ടം നടത്തുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്നു പുസ്തകങ്ങൾ നൽകുന്നു. വായനക്കുറിപ്പ് തയ്യാറാക്കൽ. വായിപ്പിക്കൽ, കഥ കവിത വായിക്കൽ

- പത്ര വായന

പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന

- വായനക്കുറിപ്പ്

പതിപ്പ് തയ്യാറാക്കൽ, പ്രകാശനം

- ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

വായനക്കുറിപ്പ്, ആസ്വാദനം തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനക്കുറിപ്പും ആസ്വാദക്കുറിപ്പും തയ്യാറാക്കൽ.

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക
- ഗണിതപരമായി ബന്ധപ്പെട്ട പരിഹരിക്കൽ പ്രശ്നോത്തരങ്ങൾ
- ഗണിത ക്ലബ് രൂപീകരണം
- ഗണിത ലാബ്
- ലിറ്റിൽ മാസ്റ്റർ
- നിത്യജീവിതത്തിനാവശ്യമായ ഗണിതാശയങ്ങൾ രൂപപ്പെടുത്തുക.
- ചതുഷ്ക്രിയകൾ പരിചയപ്പെടുത്തുക.
- പ്രശ്ന നിർധാരണത്തിന് കുട്ടിക്ക് കഴിവ് ഉണ്ടാക്കുക
- യുക്തിചിന്ത വികസിപ്പിക്കുക
- ഗണിതാസ്വാദനം കുട്ടിയിലുണ്ടാക്കുക
- എണ്ണൽ സംഖ്യകളെ വ്യാഖ്യാനിക്കുക
- സംഖ്യാപാറ്റേണുകൾ, എണ്ണൽ വിദ്യകൾ
- ഗണിത മാഗസിൻ
- കളിപ്പെട്ടി - സാധ്യത

# ഹ്രസ്വകാല പ്രവർത്തനങ്ങൾ

- pre-test പിന്നോക്കക്കാരെ കണ്ടെത്തുന്നു
- ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- വർക്ക് ഷീറ്റുകൾ
- ഗണിത പ്രവർത്തനങ്ങൾ രസകരമാക്കുന്നു.
- പസിലുകൾ
- കുസൃതിക്കണക്കുകൾ
- ഉന്നങ്ങണങ്ങുകൾ
- മാന്ത്രിക ചതുരം

# മധ്യകാല പ്രവർത്തനങ്ങൾ

- ഗണിത ക്ലബ് രൂപീകരണം
- പഠനോപകരണ നിർമ്മാണം
- ഗണിത മാഗസിൻ
- പാഠദണങ്ങുകൾ
- ഉത്തരപ്പെട്ടി
- ഗണിത വേദി

# ദീർഘകാല പ്രവർത്തനങ്ങൾ

- ഗണിത പ്രോജക്ട്
- Little Master of Maths
- ഗണിത ലാബ്

ഗണിതക്ലബ്ബ് രൂപീകരണം

മത്സരങ്ങൾ, കുസൃതികണക്കുകൾ ഗണിത പാറ്റേണുകൾ മാഗസിൻ ഇവയുടെ നിർമ്മാണം.

shop list

പെൻസിൽ, റബർ നോട്ടുബുക്കുകൾ കുട്ടികളെ ഏൽപ്പിക്കുന്നു. പണം വാങ്ങി കുട്ടികൾ വിൽക്കുന്നു.

• ഗണിത പ്രോജക്ട്

നീളം, ഭാരം ഇവ കുട്ടികളിൽ കണ്ടെത്തി രേഖപ്പെടുത്തുന്നു. വരവ് - ചിലവ് കണക്കുകൾ വീട്ടിലെ കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു

# പരിസരപഠനം

ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
- ശാസ്ത്ര അവബോധം വളർത്തുക
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക

മധ്യകാല പ്രവർത്തനങ്ങൾ

- പ്രകൃതി പഠന യാത്ര
- പച്ചക്കറിത്തോട്ടം
- സെമിനാറുകൾ
- നിരീക്ഷണങ്ങൾ

ഭാവികാല പ്രവർത്തനങ്ങൾ

- ശാസ്ത്രക്ലബ്ബ്
- ലഘു പരീക്ഷണങ്ങൾ
- Dry Day
- ക്വിസ്
- ശാസ്ത്രമേള
- പതിപ്പുകൾ
- ജൈവവൈവിധ്യ പാർക്ക്
- ഔഷധ സസ്യോദ്യാനം

ചുമതല : ശാസ്ത്രാധ്യാപകർ

സാമ്പത്തികം : സ്പോൺസർമാർ

പ്രകൃതി പഠനയാത്ര

ഫീൽഡ് ട്രിപ്പ്, നിരീക്ഷണം

പച്ചക്കറിത്തോട്ടം

സ്കൂളിൽ - വീട്ടിൽ കുട്ടികളെ പച്ചക്കറി നടാൻ
പ്രോത്സാഹിപ്പിക്കുന്നു.

സെമിനാറുകൾ

വ്യക്തിശുചിത്വവും, സാമൂഹ്യ ശുചിത്വവും
പാലിച്ചുകൊണ്ട് ശാരീരിക - മാനസിക സാമൂഹിക
ആരോഗ്യം കൈവരിക്കാനുള്ള ക്ലാസുകൾ

ശാസ്ത്രസാഹിത്യ പുസ്തക വായന

ലൈബ്രറി പ്രയോജനപ്പെടുത്തൽ
ആൽബങ്ങൾ നിർമ്മാണം.

നിരീക്ഷണങ്ങൾ

സസ്യങ്ങൾ, ചെടികൾ, മരങ്ങൾ, പക്ഷികൾ, മൃഗങ്ങൾ
ജലജീവികൾ, ആകാശ നിരീക്ഷണം, വേരുകൾ
നിരീക്ഷിക്കുക.

# ENGLISH

English ഭാഷയുടെ ഉപയോഗവും വ്യാപ്തിയും വർധിച്ചിരിക്കുന്നു. ഈ മേഖലയിൽ പ്രാവീണ്യം നേടേണ്ടതുണ്ട്.

ലക്ഷ്യം

തെറ്റു കൂടാതെ വായിക്കുന്നതിനും എഴുതുന്നതിനും ശേഷി കുട്ടിയിൽ ഉണ്ടാക്കുക.

പ്രവർത്തനങ്ങൾ

- തെറ്റില്ലാതെ ഇംഗ്ലീഷ് വായന കേൾക്കാൻ അവസരം ഉണ്ടാക്കുക
- കുട്ടിയിൽ ഇംഗ്ലീഷിൽ താത്പര്യം ഉണ്ടാക്കുക.
- കഥാപുസ്തകങ്ങൾ, ചിത്രങ്ങൾ പരിശീലിപ്പിക്കുക.

സാധ്യത

- ലൈബ്രറി / computer Lab
- ചുമതല - Teacher
- അസംബ്ലിയിൽ ആഴ്ചയിൽ ഒരു ദിവസം

ഹ്രസ്വകാല പ്രവർത്തനങ്ങൾ

- understanding the Alphabets and words
- Ict, Rhymes and poems

ദീർഘകാല പ്രവർത്തനങ്ങൾ

- conversation
- Discription

# കലാപഠനം

## ലക്ഷ്യങ്ങൾ

പഠിതാവിന്റെ നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കുക.

കലയെ ഉൾപ്പെടുത്തി മറ്റ് വിഷയങ്ങളുടെ പഠനം ഉപയോഗപ്പെടുത്തുന്നതിന്

വിഭിന്ന ശേഷിയുള്ള വിദ്യാർഥികളെ പഠനപ്രവർത്തനങ്ങളിൽ തൽപ്പരരാക്കുന്നു.

- ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കണം.

## പ്രവർത്തനങ്ങൾ

- ചിത്രരചന
- ബാലസഭ
- നാടകം
- ബാലകലോത്സവം.

## ചിത്രരചന

പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളും ദിനാചരണങ്ങളുമായി ചിത്രങ്ങൾ വരയ്ക്കുന്നു.

## ബാലസഭ

1, 4 മാസങ്ങളിലെ വെള്ളിയാഴ്ച ബാലസഭ

## ബാലകലോത്സവം

പ്രസംഗം, അറബിപാട്ട്, മാപ്പിളപാട്ട്, സംഘഗാനം പഠിപ്പിക്കുന്നു.

സാഹിത്യാദിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

ലക്ഷ്യം

സാഹിത്യാദിരുചി വളർത്തുക

പ്രവർത്തനങ്ങൾ

- കയ്യെഴുത്ത് മാസിക
- വിദ്യാരംഗം

അവസരം

ക്ലാസ് പ്രവർത്തനങ്ങൾ

സമയം

പ്രത്യേക മീറ്റിംഗുകൾ

ചുമതല : ക്ലാസ് ടീച്ചർ

## പ്രവൃത്തി പഠനം

### ലക്ഷ്യങ്ങൾ

- മാനവശേഷി വികസനം
- ദേശീയ പുരോഗതി
- തൊഴിൽ സന്നദ്ധത
- സന്തുലിത വ്യക്തിത്വ വികസനം

### വിദ്യാലയ പ്രവർത്തനങ്ങൾ

- paper craft
- കരകൗശല നിർമ്മാണം
- കരകൗശല നിർമ്മാണം

പാഠഭാഗവുമായി ബന്ധപ്പെട്ടത് ഉപയുക്തമായത്

### പ്രവൃത്തിപരിചയ മേള

തയ്യൽ, പാറ്റേൺ, പാവനിർമ്മാണം.

## ആരോഗ്യ കായിക വിദ്യാഭ്യാസം

വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷി ആർജ്ജിക്കുക.

ശരീരചലനം നിയന്ത്രിക്കുന്ന വിവിധ ഘടകങ്ങൾ തിരിച്ചറിയുകയും ഉപാധികൾ വികസിപ്പിക്കുന്നു.

### ദീർഘ കാല പ്രവർത്തനങ്ങൾ

- അസംബ്ലി
- Mas Drill

ചുമതല : ക്ലാസ് അധ്യാപകർ

### പ്രവർത്തനങ്ങൾ

അസംബ്ലി : Exercise

### Mass Drill

P.E ന്റെ സമയത്തും ക്ലാസ് പ്രവർത്തനങ്ങൾ -ക്കിടയിലും Drill നടത്തുന്നു.

### നാടൻ കളികൾ

ഓണക്കാലത്ത് നാടൻ കളികളിൽ ഏർപ്പെടുന്നു.

# സമൂഹ ബന്ധം

**ലക്ഷ്യം**

വിദ്യാലയത്തിന്റെ സർവ്വ വികസനത്തിന് ആവശ്യമായ ഘടകമാണ് സമൂഹം. വിദ്യാലയത്തിന്റെ അക്കാദമികവും വികസനത്തിന് സമൂഹത്തിന് ഇടപെടൽ നടത്തുവാൻ കഴിയും.

**പ്രവർത്തനങ്ങൾ**

PTA, MPTA, Cornet PTA എന്നിവയിലൂടെ സമൂഹവുമായി ബന്ധം സ്ഥാപിക്കാനും പൊതു ഓണാഘോഷം, സ്വാതന്ത്ര്യദിനം, പരിസ്ഥിതി ദിനം എന്നിവയിൽ പങ്കാളിത്തം. പൂർവ്വ വിദ്യാർത്ഥികൾ അഭ്യുദയ കാംക്ഷികൾ എന്നിവരുടെ സഹകരണം.

വിദ്യാലയത്തിന് വിഭവസമാഹരണം നടത്തുക. സ്കൂളിൽ പത്രം, പുസ്തകങ്ങൾ ഉൾപ്പെടുത്തുന്ന പദ്ധതി സംപുഷ്ടമാക്കൽ ഇവയെല്ലാം പദ്ധതിയിലുണ്ട്.

# ഉപസംഹാരം

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് SRG അവലോകനയിലൂടെയാണ്.

ഈ മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളിൽ ഉള്ളവയാണ്. ഇവ കൂടുതൽ വിജയത്തോടെ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു.

2025-26 വർഷത്തിലും തുടർവർഷങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ വിദ്യാലയം മികവിന്റെ പടികൾ കയറും.

ഈ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിക്കുമെന്ന് പ്രതിജ്ഞ എടുത്തുകൊണ്ട് മാസ്റ്റർ പ്ലാൻ ഉപസംഹരിക്കട്ടെ!